ഉത്തരം

(എ) പ്രകൃതിക്ഷോഭം മൂലം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 9 കൃഷി ഭവനുകളിലായി വരൾച്ച മൂലമുള്ള നഷ്ടപരിഹാരമായി 78,30,816 രൂപ കർഷകർക്ക് വിതരണം നടത്താനുണ്ട്. കൂടാതെ കാലവർഷക്കെടുതി മൂലം ഉണ്ടായ നാശനഷ്ടത്തിന് 21,68,500 രൂപയാണ് വിതരണം ചെയ്യാനുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വരൾച്ചമൂലം നെൽകൃഷിക്ക് ഉണ്ടായ നഷ്ടമൊഴികെ ബാക്കി വിളകൾക്ക് 1-3-2004 മുതലുള്ള നഷ്ടത്തിനാണ് കോമ്പൻസേഷൻ നൽകുന്നത്. നെൽകൃഷിക്ക് ഖരീഫ്, റാബി സീസണിലേക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭാഗികമായി കൃഷിനാശം സംഭവിച്ചവർക്ക് കേന്ദ്രസഹായം

71 [1203] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം സംസ്ഥാനത്ത് ഭാഗികമായി കൃഷിനാശം സംഭവിച്ചിട്ടുള്ളതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഭാഗികമായ കൃഷിനാശം മൂലം റബർ, തെങ്ങ്, കുരുമുളക് എന്നിവയ്ക്ക് വന്ന നാശനഷ്ടങ്ങൾക്ക് കർഷകർക്ക് എന്ത് ധനസഹായമാണ് നൽകിയത്;

(സി) കേന്ദ്രത്തിനു മുൻപാകെ എത്ര കോടി രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വരൾച്ച മൂലം 50 ശതമാനത്തിനുമേൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാര തുകയായി റബർ, തെങ്ങ്, കുരുമുളക് എന്നിവയ്ക്ക് യഥാക്രമം 120, 200, 40 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

(സി) കാർഷിക മേഖലയ്ക്ക് മാത്രമായി 1479.02 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

---

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly